ശ്രീ. എൽ. എം. പൈലി: അങ്ങിനെ പരാതികൾ ഗവൺമെന്റിൽ വന്നിട്ടുള്ളതായി അറിവില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: വർത്തമാനപ്പത്രങ്ങളിൽ ഈ വസ്തുത പരസ്യപ്പെടുത്തിയിരുന്നതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ ഉണ്ടായിരിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ. ക്ലാക്കന്മാക്ക് ചില പ്രസന്റസ് കൊടുത്താൽ ബില്ലുകൾ വേഗം പാസ്സാക്കാം എന്ന ഗവൺമെന്റിനറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇങ്ങനെ താമസം നേരിടുന്നതുമൂലം വമ്പിച്ച വിഷമങ്ങൾക്ക് കാരണമാണെന്ന ഗവൺമെന്റ് വിചാരിക്കുന്നുണ്ടോ?

Mr. Speaker: That is an inference. The question is disallowed.

മെഡിക്കൽ കോളേജ്

*൨൯൮. (൮൦) ശ്രീ. റഫേൽ ജെ. റൊസ്സിഗ്സ്: ബഹുമാനപ്പെട്ട പൊതുജനാരോഗ്യകുടുംബമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെയുള്ള പ്രൊഫസർ നിയമനങ്ങളിൽ ഒന്നാമത്തതിന്റേയും രണ്ടാമത്തതിന്റേയും തീയതികൾ എന്തൊക്കെ;

(ബി) പുതുതായി കോളേജിലേക്ക് ലൈബ്രേറിയനെ നിയമിച്ചുവെന്നാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രൊഫസറന്മാരെ നിയമിച്ചു് ഉത്തരവു പുറപ്പെടുവിച്ചു തീയതി ൧൯—൫—൫൯ & ൨൦. ഒന്നാമത്തേയും രണ്ടാമത്തേയും പ്രൊഫസറന്മാർ യഥാക്രമത്തിൽ ചാർജെടുത്തതു് ൧൯—൬—൫൯ & ൨൧-ഉം ൧—൯—൫൯ & ൨൧-ഉം മാണു്.

(ബി) ഒരു പാർട്ട് ടൈം ലൈബ്രേറിയനെ ൨൧—൯—൫൯ & ൪൫ മുതൽക്കും ഒരു അസിസ്റ്റന്റ് ലൈബ്രേറിയനെ ൧൦—൪—൫൯ & ൨൦ മുതൽക്കും നിയമിച്ചിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊസ്സിഗ്സ്: ഈ ലൈബ്രേറിയനെയും ഇത്രനേരത്തെ നിയമിച്ചതെന്തിനാണു്?

ശ്രീ. സി. കേശവൻ: കുറച്ചു നേരത്തെ നിയമിച്ചതു ലൈബ്രറിയെ സംബന്ധിച്ചു മറ്റു കോളേജുകളിലുംമറ്റും പോയി കാര്യങ്ങൾ അന്വേഷിച്ചു ക്രമീകരിക്കുന്നതിനുവേണ്ടിയാണു്.

ശ്രീ. റഫേൽ ജെ. റൊസ്സിഗ്സ്: പ്രൊഫസറന്മാരില്ലാതെ മറ്റു കാര്യങ്ങൾ ലൈബ്രേറിയനാണോ അന്വേഷിക്കേണ്ടതു്?

ശ്രീ. സി. കേശവൻ: മറ്റു കോളേജുകളിൽപോയി കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിലേക്കായി നിയമിച്ചതാണു്.

നെല്ലിടിപ്പു്

*൨൯൯. (൮൨) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ...

LIBRARY ARCHIVES Kerala Legislative Assembly